LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിലെ 2006-2011-ലെ എം.എൽ.എ-എസ്.ഡി.എഫ്.

214 (554) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-11-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഏതെല്ലാം സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകി ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) 2006-11 കാലയളവിൽ എം.എൽ.എ-എസ്.ഡി.എഫ്. നിന്നും കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം നടപ്പിലാക്കിയിട്ടുണ്ട് ; എത്ര രൂപ ഓരോ സ്കൂളിനും ചെലവഴിച്ചു ; വിശദ വിവരം നൽകാമോ ;

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു. * (അനുബന്ധം - I)

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു. * (അനുബന്ധം-II)

2014-ലെ മൂല്യ വർദ്ധിത നികുതി ഭേദഗതി ഓർഡിനൻസ്

215 (555) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ മൂല്യവർദ്ധിത നികുതി ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കാനിടയാക്കിയ അടിയന്തര സാഹചര്യം എന്തായിരുന്നു, വിശദമാക്കാമോ ;

(ബി) 2014-ലെ ധനകാര്യബില്ല് പരിഗണിച്ചിരുന്ന ഘട്ടത്തിൽ ഈ നിർദ്ദേശം പരിഗണിക്കാതിരുന്നത് എന്തു കൊണ്ടായിരുന്നു ;

(സി) ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന നികുതികൾ ഏതെങ്കിലും പിരിച്ചെടുക്കാൻ സാധിക്കാത്തത് കൊണ്ടാണോ ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായതെന്ന് വ്യക്തമാക്കുമോ ?